ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14
ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം. 0471-2323960
വെബ് സൈറ്റ് : www.ims.kerala.gov.in

നം. ഡി3-276558/2021/ഡി.ഐ.എം.എസ്. തീയതി : 25.09.2021

## കുറ്റപത്രം

എറണാകുളം നം.II ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സീനിയർ ക്ലർക്ക് ശ്രീ. എൻ.വി. പ്രദീപിനെതിരെ പുറപ്പെടുവിക്കുന്ന കുറ്റപത്രം.

എറണാകുളം നം.II ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സീനിയർ ക്ലർക്കായ ശ്രീ. എൻ.വി. പ്രദീപ് എന്ന താങ്കൾ താഴെപ്പറയുന്ന കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

1. മേലധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുകയോ നൽകുന്ന മെമ്മോകൾക്ക് മറുപടി നൽകുകയോ ചെയ്യുന്നില്ല:-

   (i) ആദായ നികുതി സംബന്ധിച്ച TDS ഫയൽ ചെയ്യുന്നതിനും വിരമിച്ച ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് തുക അനുഭവവേദ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നുവെങ്കിലും യഥാക്രമം നടപടി സ്വീകരിച്ചില്ല.

   (ii) CB Register, PA Register, Contingent Bill ഓഫീസ് കോപ്പികൾ എന്നിവ ഹാജരാക്കുവാൻ നിർദ്ദേശിച്ചെങ്കിലും നിർദ്ദേശം പാലിക്കുകയോ ജോലികൾ യഥാസമയം പൂർത്തിയാക്കുകയോ ചെയ്യുകയുണ്ടായില്ല.

   (iii) മധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്ന് നൽകിയ ഓർമക്കുറിപ്പിന് 23.10.2019-ലെ A-379/2019/IMO/ESIDEKMII പ്രകാരം മറുപടി നൽകിയതായി മൊഴി നൽകിയെങ്കിലും ടി മറുപടി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിക്കുകയുണ്ടായില്ല. 13.05.2020-ന് വീണ്ടും മധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ഓർമക്കുറിപ്പിനോട-നുബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ മെമ്മോ നൽകിയെങ്കിലും താങ്കൾ മറുപടി നൽകുകയുണ്ടായില്ല.

2. താങ്കൾ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജോലികൾ സമയബന്ധിതമായി ചെയ്യുന്നതായി കാണുന്നില്ല. വിരമിച്ച ജീവനക്കാരുടെ ജി.ഐ.എസ്. ക്ലോഷർ തുക അനുവദിച്ച് നൽകുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെപ്പറയുംവിധമാണ്:-

   1. ശ്രീ. ജി. സുധാകരൻ, നഴ്സിംഗ് അസിസ്റ്റന്റ് വിരമിച്ചത് 31.05.2016-നാണെങ്കിലും ജി.ഐ.എസ്. ക്ലോഷർ തുക അനുവദിച്ചുനൽകിയത് 05.10.2020-നാണ്.

   2. 31.03.2018-ന് വിരമിച്ച നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി V.N.സുധാകുമാരിക്ക് 12.04.2021 വരെ ജി.ഐ.എസ്. ക്ലോഷർ തുക അനുവദിച്ചിട്ടില്ല.

   3. 31.12.2017-ന് വിരമിച്ച നഴ്സിംഗ് അസിസ്റ്റന്റ് ശ്രീ. സുഭാഷ് തമ്പിയുടെ ജി.ഐ.എസ്. ക്ലോഷർ അപേക്ഷ 12.04.2021 വരെ അയക്കുകയുണ്ടായില്ല.

മറുപുറം

4. 30.11.2017–ന് വിരമിച്ച ഹെഡ് ക്ലർക്ക് ശ്രീമതി ഡി.കെ. വിലാസിനിക്ക് 12.04.2021 വരെ ജി.ഐ.എസ്. ക്ലോഷർ തുക അനുഭവവേദ്യമായിട്ടില്ല.

5. 03.01.2018–ൽ അന്തരിച്ച ക്ലർക്ക് ശ്രീ. സോജൻ ജോസഫിന് ജി.ഐ.എസ്. ക്ലോഷർ തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6. വിരമിച്ച ജീവനക്കാരായ ശ്രീ. കെ.പി. തമ്പി, നഴ്സിംഗ് അസിസ്റ്റന്റ്, ശ്രീമതി വാഹിദ റ്റി.ബി., ഹെഡ് ക്ലർക്ക്, ശ്രീമതി യമുന പി.എസ്., ഹെഡ് ക്ലർക്ക് എന്നിവർക്ക് ജി.ഐ.എസ്. ക്ലോഷർ തുക അനുഭവവേദ്യമാക്കുന്നതിന് കാലതാമസം വരുത്തി.

3. താങ്കൾ ഔദ്യോഗിക കൃത്യനിർവഹണവുമായി ബന്ധപ്പെട്ട് നിരവധി വീഴ്ചകൾ വരുത്തിയിരിക്കുന്നു:–

i) വിരമിച്ച നഴ്സിംഗ് അസിസ്റ്റന്റ് ശ്രീ. സുധാകരന്റെ ജി.ഐ.എസ്. വരിസംഖ്യ തെറ്റായി രേഖപ്പെടുത്തി.
ii) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സ്പെഷ്യൽ ഇൻഡന്റ് വഴി മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ് തുടർനടപടികൾക്കായി മേലോഫീസിലേക്ക് അയക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി.
iii) സെക്ഷൻ മാറിയിട്ടും ഫയലുകളും രജിസ്റ്ററുകളും പകരം ചുമതലയേറ്റെടുത്ത സെക്ഷൻ ക്ലർക്കിന് യഥാസമയം രേഖാമൂലം കൈമാറിയില്ല.

താങ്കളുടെ ഭാഗത്തുനിന്നുമുണ്ടായ മേൽ പ്രവർത്തികൾ കൃത്യവിലോപവും, തികഞ്ഞ അച്ചടക്കരാഹിത്യവും സർവീസ് ചട്ടങ്ങളുടെ ലംഘനവുമാണെന്നു മാത്രമല്ല സ്ഥാപന മേലധികാരിയേയും നിയന്ത്രണാധികാരിയേയും തദ്വാരാ വകുപ്പിനേയും ധിക്കരിക്കുന്ന തരത്തിലുള്ളതുമാണ്.

ആകയാൽ 1960–ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ (ഈ ചട്ടങ്ങളോ പ്രത്യേകമായി കാണിച്ചിരിക്കുന്ന മറ്റ് ചട്ടങ്ങളോ) പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരായി കർശന അച്ചടക്ക നടപടികൾ എടുക്കാതിരിക്കുവാൻ എന്തെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ ഇതിനാൽ ആവശ്യപ്പെടുന്നു. എതിർവാദങ്ങളുടങ്ങിയ താങ്കളുടെ പത്രിക സമർപ്പിക്കുന്നതിന് ഈ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 15 (പതിനഞ്ച്) ദിവസം അനുവദിച്ചിരിക്കുന്നു. താങ്കളുടെ പ്രതിവാദ പത്രിക നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് വിശദീകരണങ്ങളൊന്നും നൽകാനില്ലെന്ന അനുമാനത്തിൽ തുടർനടപടിയുമായി മുന്നോട്ട് പോകുന്നതാണെന്നും അറിയിക്കുന്നു. താങ്കൾ എതിർവാദ പത്രിക സമർപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ള തീയതിക്കു മുമ്പ് ഏത് പ്രവർത്തി ദിവസവും താങ്കളുടെ താൽപര്യപ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന ഏത് തീയതിയിലും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ആരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള ബന്ധപ്പെട്ട രേഖകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാണ്.

മേൽപറഞ്ഞിരിക്കുന്ന കുറ്റാരോപണത്തിന്റെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ഡോ. എസ്. മാലിനി
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ(I/C)

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14
ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം. 0471-2323960
വെബ് സൈറ്റ് : www.ims.kerala.gov.in

നം. ഡി3-276558/2021/ഡി.ഐ.എം.എസ്. തീയതി : 25.09.2021

## കുറ്റാരോപണ പത്രിക

എറണാകുളം നം.2 ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലിചെയ്തുവരവെ ശ്രീ. എൻ.വി. പ്രദീപ് സ്ഥാപന മേധാവിയും മേലധികാരികളും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുകയോ അവർ നൽകുന്ന മെമ്മോകൾക്ക് മറുപടി നൽകുകയോ ചെയ്തിട്ടില്ല. വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുഭവവേദ്യമാക്കാതിരിക്കുക, ഓഫീസ് മേധാവിയും മേലധികാരികളും നിർദ്ദേശിക്കുന്നതും തന്നിൽ അർപ്പിതവുമായിരിക്കുന്നതുമായ ഉത്തരവാദിത്വങ്ങൾ യഥാസമയം നിർവഹിക്കാതിരിക്കുക, ഓഫീസ് മേധാവിയും മേലധികാരിയും നൽകുന്ന മെമ്മോകൾക്ക് മറുപടി നൽകാതിരിക്കുക മുതലായ അച്ചടക്കലംഘനങ്ങൾ നടത്തുക വഴി കൃത്യവിലോപവും സർവീസ് ചട്ടങ്ങളുടെ ലംഘനവും സ്ഥാപന മേലധികാരിയേയും നിയന്ത്രണാധികാരിയേയും തദ്വാരാ വകുപ്പിനേയും ധിക്കരിക്കുന്ന തരത്തിലുള്ള പ്രവർത്തികളും ചെയ്തിരിക്കുന്നതിനാൽ ഈ കുറ്റപത്രം സമർപ്പിക്കുന്നു.

ടി വിഷയവുമായി ബന്ധപ്പെടുത്തി വിസ്തരിക്കേണ്ടുന്ന വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. എൻ.വി. പ്രദീപ്, സീനിയർ ക്ലർക്ക്
2. ഡോ. സ്റ്റാൻലിമോൾ കെ.പി., ഐ.എം.ഒ.
3. ശ്രീ. ബിജോയ് കെ.വി., ഹെഡ് ക്ലർക്ക്
4. ശ്രീമതി ശ്രീവിദ്യ എസ്., സീനിയർ ക്ലർക്ക്

ടി വ്യക്തികൾക്കു പുറമെ ആവശ്യമെന്നു തോന്നുന്നപക്ഷം ഇതുമായി ബന്ധപ്പെട്ട മറ്റ് വ്യക്തികളെയും വിസ്തരിച്ചേക്കാവുന്നതാണ്.

<u>കുറ്റപത്രത്തിനാധാരമായ രേഖകൾ</u>

12.04.2021-ലെ മധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ജി2-5749/2020/RDD നമ്പർ പ്രാഥമികാന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും

ഡോ. എസ്. മാലിനി
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ(I/C)

സ്വീകർത്താവ്
ശ്രീ. എൻ.വി. പ്രദീപ്, സീനിയർ ക്ലർക്ക് (ഐ.എം.ഒ. മുഖാന്തരം)

പകർപ്പ്:- 1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മധ്യ മേഖല, എറണാകുളം
2. ഐ.എം.ഒ., ഇ.എസ്.ഐ. ഡിസ്പെൻസറി, എറണാകുളം നം.2 (കുറ്റപത്രത്തിന്റെ രണ്ട് പകർപ്പ് അയക്കുന്നു. ശ്രീ. എൻ.വി. പ്രദീപിന്റെ കൈപ്പറ്റ് രസീത് രേഖപ്പെടുത്തിയ പകർപ്പ് തിരികെ ലഭ്യമാക്കേണ്ടതാണ്)
3. ഇ 1 സെക്ഷൻ
4. വെബ് സൈറ്റ്
5. ഫയൽ/സ്റ്റോക്ക് ഫയൽ